പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.361 29.06.2016-ൽ മറുപടിയ്ക്ക്

## കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ട നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.റ്റി.വി.രാജേഷ് | ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും<br>സ്പോർട്സും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് 2010 മുതൽ ഓരോ വർഷവും എത്ര കായിക താരങ്ങൾക്ക് വീതമാണ് സ്പോർട്സ് ക്വാട്ടയിൽ ജോലി നൽകുന്നത് ; ഇതുപ്രകാരം എത്ര കായിക താരങ്ങൾക്ക് ജോലി നൽകിയിട്ടുണ്ട് ; | (എ) സ്പോർട്സ് ക്വാട്ടാ നിയമന പദ്ധതി പ്രകാരം, മികച്ച കായികതാരങ്ങൾക്ക്ജോലി നൽകുന്നതിനായി ഓരോ വർഷത്തേക്കും, നീക്കിവച്ചിരുന്ന 20 ഒഴിവുകൾ സ.ഉ.(പി)നം.170/2009/പൊ.ഭ.വ തീയതി 17.07.2009 പ്രകാരം 50 ആയി വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു. 07.12.2015-ലെ 14652/എസിഡി1/2012/പൊ.ഭ.വ നമ്പർ വിജ്ഞാപനപ്രകാരം 2010 മുതൽ 2014 വരെയുള്ള കലണ്ടർ വർഷങ്ങളിലേയ്ക്ക് പ്രതിവർഷം 50 ഒഴിവുകൾ വീതം ആകെ 250 ഒഴിവുകളിൽ, 2014 കലണ്ടർ വർഷത്തെ 50 ഒഴിവിൽ ഒരു ഒഴിവ് കുറവ് ചെയ്ത്, ശേഷിക്കുന്ന 249 ഒഴിവുകളിലേക്ക് സ്പോർട്സ് ക്വാട്ടാ നിയമനപദ്ധതി പ്രകാരം നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്. (2014-ൽ ഒളിമ്പ്യൻ ശ്രീ.പി.ആർ.ശ്രീജേഷിന് സ.ഉ.(കൈ)നം.02/14/കാ.യു.വ തീയതി 16.01.2014 പ്രകാരം നിയമനം നൽകിയതിനാലാണ് ആ കലണ്ടർ വർഷം 49 ഒഴിവായി കുറഞ്ഞത്). ഈ വിജ്ഞാപനപ്രകാരം ഇതുവരെ ആർക്കും നിയമനം നൽകിയിട്ടില്ല.<br>വിജ്ഞാപനപ്രകാരം ലഭ്യമായ അപേക്ഷകൾ പരിശോധിച്ച് വരികയാണ്. സ്പോർട്സ് ക്വാട്ടാ നിയമനപദ്ധതി പ്രകാരം പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന അപേക്ഷകൾ പരിശോധിച്ച് മികച്ച കായികതാരങ്ങളുടെ യോഗ്യതയ്ക്ക് അനുസരിച്ച് തസ്തികയും വകുപ്പും നിർണ്ണയിച്ച് സെലക്ട് ലിസ്റ്റ് തയ്യാറാക്കുകയും അതിൻപ്രകാരം നിയമനം നടത്തുകയുമാണ് ചെയ്തുവരുന്നത്. |

(ബി) ഓരോ വർഷവും കായികതാരങ്ങൾക്കുള്ള ഒഴിവുകൾ യഥാസമയം കണക്കാക്കി ജോലി നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം നൽകാമോ ?

(ബി) സർക്കാർ സർവ്വീസിൽ കായികതാരങ്ങൾക്ക് സ്പോർട്സ് ക്വാട്ടാ നിയമനം നടത്തുന്നതിലേയ്ക്കായി നാഷണൽ ഇൻഫർമാറ്റിക് സെന്ററുമായി ചേർന്ന് അപേക്ഷ സ്വീകരിക്കുന്നത് ഓൺലൈൻ ആക്കുകയും, ഓൺലൈൻ അപേക്ഷ സ്വീകരിച്ച് പ്രൊവിഷണൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുകയുമാണ് ചെയ്തുവരുന്നത്. ഓരോ വർഷവും 50 വീതം കായികതാരങ്ങൾക്കാണ് നിയമനം നൽകുന്നത്. കായികതാരങ്ങളുടെ കായിക മികവുകൾ മാനദണ്ഡാടിസ്ഥാനത്തിൽ കണക്കാക്കിയും, അവരുടെ വിദ്യാഭ്യാസ യോഗ്യതയുടെയും അടിസ്ഥാനത്തിലുമാണ് നിയമനം നൽകുന്നത്. സ ്പോർട്സ് ക്വാട്ടാ നിയമനം സുതാര്യമാക്കുന്നതിന്റെ ഭാഗമായി ഓൺലൈൻ നടപടികൾ തുടർന്നുള്ള വർഷങ്ങളിലും പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**